# ഉലമാക്കൾ ചിന്തിക്കുമോ?

**വക്കം അബ്ദുൽ ഖാദിർ മൗലവി**

**വക്കം മൗലവി 'അൽ ഇസ്‌ലാം' അറബി-മലയാള പത്രത്തിൽ 1910-ൽ എഴുതിയ ഈ ലേഖനം ഒരു ഇസ്‌ലാമിക പ്രസ്ഥാനത്തെക്കുറിച്ച് ആ കാലഘട്ടത്തിലെ പണ്ഡിതന്മാർക്കുണ്ടായിരുന്ന സങ്കൽപം വ്യക്തമാക്കുന്നു.**

*അൽ അംറു ബിൽ മഅ്റൂഫി വന്നഹ്‌യു അനിൽമുൻകരി*

നല്ലതിനെ ഉപദേശിക്കുക, തീയതിനെ വിരോധിക്കുക. ഇതാകുന്നു മേൽ കാണിച്ചിരിക്കുന്ന അറബിവാകൃത്തിന്റെ അർഥം. ഇത് ഇസ്‌ലാംദീനിൽ ഗൗരവമേറിയ ഒരു കർത്തവ്യമാകുന്നു. *കുൻതും ഖൈറ ഉമ്മത്തിൻ ഉഖ്‌രിജത്ത് ലിന്നാസി* (നിങ്ങൾ ജനങ്ങളുടെ ഇടയിൽ ഉത്ഭവിപ്പിക്കപ്പെട്ടിട്ടുള്ള ഏറ്റവും ഉത്തമ സമുദായമാകുന്നു) എന്ന് അല്ലാഹു തആലാ മുസ്‌ലിമീങ്ങളെ അഭിമുഖീരിച്ച് പറഞ്ഞിട്ട്, അതിനെ തുടർന്ന് *തഅ്മുറൂന ബിൽമഅ്റൂഫി വതൻഹൗന അനിൽമുൻകരി വതുഅ്മിനൂന ബില്ലാഹി* (നിങ്ങൾ നല്ലതിനെ ഉപദേശിക്കയും തീയതിനെ വിരോധിക്കുകയും അല്ലാഹു തആലായിൽ വിശ്വസിക്കുകയും ചെയ്യുന്നവരാകുന്നു) എന്ന് പറഞ്ഞിരിക്കുന്നത് നോക്കിയാൽ മുസ്‌ലിംസമുദായത്തിന്റെ ഉത്തമത്വത്തിനു കാരണം ദൈവവിശ്വാസത്തിനു പുറമെ ഈ കൃത്യാനുഷ്ഠാനമാണെന്ന് കാണാവുന്നതാണ്. മുസ്‌ലിമീങ്ങൾ ഈ കർത്തവ്യത്തെ കൃത്യമായി അനുഷ്ഠിച്ചിരുന്ന കാലമെല്ലാം അവർ സർവോത്തമമായ അവസ്ഥയിൽ തന്നെയായിരുന്നു സ്ഥിതിചെയ്തിരുന്നത്. ഇപ്പോൾ ഈ വിഷയത്തിൽ അവരുടെ ഇടയിൽ അലസത ഉണ്ടായി തുടങ്ങിയപ്പോൾ മുതൽ ഈ സമുദായം അധഃപതിക്കാൻ തുടങ്ങി. ഒരു സമുദായത്തിൽ ദോഷമായിട്ടുള്ളതിനെ വിരോധിക്കാനും ഗുണമായിട്ടുള്ളതിനെ ഉപദേശിക്കാനും ആൾ ചുരുങ്ങിവരുംതോറും ദോഷം വർധിച്ചും ഗുണം ചുരുങ്ങിയും വരുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ? അഥവാ കാലക്രമത്തിൽ ചില ദോഷങ്ങൾ ഗുണങ്ങളായും ചില ഗുണങ്ങൾ ദോഷങ്ങളായും പൊതുജനങ്ങൾ വിശ്വസിച്ചുപോകുവാൻ ഇടയാകുന്നുണ്ടെങ്കിൽതന്നെ എന്താണത്ഭുതം?

ഈ ഗുരുതരമായ കർത്തവ്യത്തിൽ ഉപേക്ഷ കാണിച്ചതിന്റെ ഫലമല്ലയോ ഇന്ന് നമ്മുടെ ഇടയിൽ പരക്കെ വ്യാപിച്ചിരിക്കുന്ന മൂഢതയും ദുരാചരങ്ങളും? ഇസ്‌ലാം ദീൻ നമ്മുടെ പേരിൽ കടമയാക്കി വിധിച്ചിട്ടുള്ള ഈ കർത്തവ്യത്തെ നാം ശരിയായി അനുഷ്ഠിച്ചിരുന്നുവെങ്കിൽ നമ്മുടെ ധനവും ശരീരവും ബുദ്ധിയും മനസ്സും ഒക്കെ പിശാചിന്റെയും ശഹ്‌വത്തിന്റെയും അധികാരശക്തിക്ക് കീഴപ്പെടുവാനും കാര്യഗ്രഹണത്തിലും ആലോചനയിലും പ്രവൃത്തിയിലും നാം പിഴച്ചുപോകുവാനും നമ്മുടെ സാമുദായിക ബന്ധം അഴിഞ്ഞുപോകുവാനും ഭിന്നത നമ്മുടെ വർഗലക്ഷണമായി ത്തീരുവാനും സൽഗുണങ്ങളുടെ സ്ഥാനത്ത് ജഹ്ൽ നമ്മിൽ കുടിയേറുവാനും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നമ്മുടെ ഇടയിൽ പടർന്നുപിടിക്കാനും സംഗതിയാകുമായിരുന്നോ? നാം അഗണ്യമാക്കി തള്ളിയിരിക്കുന്ന ഈ ഗൗരവമേറിയ കർത്തവ്യത്തെ ഇനിയെങ്കിലും നമ്മുടെ ഇടയിൽ ജീവിപ്പിച്ചുകൊണ്ടുവരുന്നതിനു *ലുഇനല്ലദീന കഫറൂ മിൻ ബനീ ഇസ്രാഈല അലാ ലിസാനി ദാവൂദ വഈസബ്നി മർയമ ദാലിക ബിമാ അസ്വവ്വ കാനൂ യഅ്തദൂൻ, കാനൂ ലാ യത നാഹൗന അൻ മുൻകരിൻ ഫഅലൂഹു* (ബനൂ ഇസ്രാഈലിൽ നിന്നുമുള്ളവരായ അവിശ്വാസികൾ ദാവൂദിന്റെയും ഈസബ്നുമർയമിന്റെയും മുഖേന ശപിക്കപ്പെട്ടു. അത് അവർ വിപരീതം പ്രവർത്തിച്ചതിനാലും അവർ അതിക്രമികളായിരുന്നതിനാലും ആകുന്നു. അവർ തങ്ങൾ ചെയ്യുന്ന യാതൊരു ദുഷ്കർമങ്ങളെയും അന്യോന്യം വിരോധിക്കുന്നവരല്ലായിരുന്നു) എന്നതുപോലെയുള്ള ആയത്തുകളും *മാമിൻ ഖൗമിൻ അമിലൂ ബിൽ മആസ്വീ വഫീഹിം മൻ യഖ്തദിറു അൻയുൻകിറ അലൈഹിം ഫലം യഫ്അൽ ഇല്ലാ യൂശിക അൻ യഉമ്മഹുമുല്ലാഹു ബിഅദാബിൻ മിൻ ഇൻദിഹി* (ഏതൊരു ജനങ്ങൾ പാപകർമങ്ങൾ പ്രവർത്തിക്കയും അവരിൽ അവരെ വിരോധിക്കുവാൻ ശക്തിയുള്ളവരുണ്ടായിരിക്കെ അവർ അപ്രകാരം ചെയ്യാതിരിക്കുകയും

ചെയ്യുന്നുവോ അല്ലാഹു തആലാ തന്റെ പക്കൽനിന്നുള്ള അദാബിനെ അവരിൽ അടക്കി വ്യാപിക്കാറാകും) എന്നതുപോലെയുള്ള ഹദീസുകളും നമുക്ക് പ്രേരകങ്ങളായിരിക്കുന്നില്ലെങ്കിൽ അവയിൽ പറഞ്ഞിരിക്കുന്ന ശിക്ഷകളെ അനുഭവിക്കാൻ നാം മനസ്സോടെ തയാറാവുക തന്നെയാണല്ലോ. ഇപ്പോളത്തെ നമ്മുടെ ദുരവസ്ഥ തന്നെ ഇങ്ങനെയുള്ള ഒരു ശിക്ഷ അല്ലെന്ന് നമുക്ക് എങ്ങിനെ വിചാരിക്കാം? ഈ സ്ഥിതിക്ക് മേലും നാം ഈ വിഷയത്തിൽ അലസന്മാരായി തന്നെ കഴിയുന്ന പക്ഷം നാം അനുഭവിക്കേണ്ടിവരുന്ന ശിക്ഷയുടെ കാഠിന്യത്തെ ഊഹിക്കുന്നത് തന്നെ എത്ര ഭയങ്കരം!!

ഈ കടമയെ ശരിയായി നിർവഹിക്കുന്നതിന് രണ്ടു രീതിയാണ് നമ്മുടെ ഇടയിൽ അനുഷ്ഠിക്കപ്പെടേണ്ടിയിരിക്കുന്നത്. ഒന്ന്, മതതത്ത്വങ്ങളെക്കുറിച്ച് ശരിയായ അറിവും വിവരവുമുള്ള ഉലമാക്കൾ സൽക്കർമങ്ങളെയും മതവിരുദ്ധങ്ങളായ ദുഷ്കർമങ്ങളെയും ചൂണ്ടിക്കാണിച്ച് സൽക്കർമങ്ങളെ അനുഷ്ഠിക്കാനും ദുഷ്കർമങ്ങളെ ഒഴിയുവാനും ജനങ്ങളെ പൊതുവെ ഉപദേശിച്ചുകൊണ്ടിരിക്കുക. രണ്ട്, സമുദായങ്ങളിൽ ഓരോരുത്തരും അന്യോന്യം നല്ല കാര്യങ്ങളെ ഉപദേശിക്കയും ദുഷ്പ്രവൃത്തികളെ വിരോധിക്കയും ചെയ്ക. യാതൊരു ദാക്ഷിണ്യവും കൂടാതെ ഈ രണ്ട് രീതിയും നമ്മുടെ ഇടയിൽ അനുഷ്ഠിക്കപ്പെടുമെങ്കിലല്ലാതെ ഇന്ന് നമ്മുടെ ഇടയിൽ ഒന്നിനൊന്ന് വർധിച്ചുകൊണ്ടിരിക്കുന്ന മതവിരുദ്ധങ്ങളായ പ്രവൃത്തികളും ദുരാചാരങ്ങളും ക്ഷയിക്കുവാനും ഒന്നിനൊന്ന് ക്ഷയിച്ചുകൊണ്ടിരിക്കുന്ന സൽക്കർമങ്ങളും സദാചാരങ്ങളും വർധിക്കുവാനും വഴികാണുന്നില്ല. മതവിരുദ്ധമായ പ്രവൃത്തികളെ വിരോധിച്ചുപറയുന്നതും സൽക്കർമങ്ങളെ ഉപദേശിക്കുന്നതും ആളുകൾക്ക് വിരോധം തോന്നുമെന്നുള്ള ഭയത്താലോ പ്രയോജനമുണ്ടാകയില്ലെന്നുള്ള ശങ്കയാലോ ഉപേക്ഷിക്കാവുന്ന സംഗതികളല്ല. അപ്രകാരമുള്ള ദീർഘമായ ഉപേക്ഷയുടെ ഫലമായിട്ടാകുന്നു സംഗതി ഇന്ന് ഇത്ര വൈഷമ്യത്തിൽ കലാശിച്ചിരിക്കുന്നത്.

മലയാളത്തിൽ ഒരു ഉലമാസഭ ആവശ്യമാണെന്നുള്ള അഭിപ്രായം ഇതര ജനങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന പക്ഷം സമുദായത്തിന്റെ ഉന്നതിക്കുള്ള മറ്റു വിഷയങ്ങളിലെന്നപോലെ ഈ വിഷയത്തിലും വേണ്ടത് പ്രവൃത്തിക്കുവാൻ സാധിക്കും. അതുമൂലം ഈ വിഷയത്തിലേക്ക് പ്രത്യേകം ഒരു സംഘം ഉണ്ടായിരിക്കണമെന്നുള്ള മതാജ്ഞയും നിർവഹിക്കപ്പെടും. ഈ സംഗതിയെക്കുറിച്ച് നമ്മുടെ ഉലമാക്കൾ ചിന്തിക്കുമോ?